# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ. എൽ. പി. സ്കൂൾ പാനായിക്കുളം

School Code:25210

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ഗവ.എൽ. പി.സ്കൂൾ പാനായിക്കുളം

## ആമുഖം

2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രാധാന്യം നൽകിയിരിക്കുന്നു. ഭാഷ വികാസം,വൈഞാനിക മേഖല,സർഗാത്മക മേഖല, വൈകാരികമേഖല, സാമൂഹിക മേഖല തുടങ്ങിയവയിൽ കുട്ടിയുടെ പ്രശ്നങ്ങൾ കണ്ടെത്തി, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ആസ്വാദ്യകരമായ രീതിയിൽ മാറ്റുകയും കൂടുതൽ മികച്ച രീതിയിൽ പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രാധാന്യം നൽകുന്നു.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന വിശദീകരണം

2025 -26 അക്കാദമിക വർഷത്തിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആദ്യത്തെ രണ്ട് ആഴ്ചകളിൽ വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് ബോധവൽക്കരണം നടത്തി. ആദ്യത്തെ ദിവസം സ്കൂളിനെ അറിയാനും കൂട്ടുകാരെ പരസ്പരം പരിചയപ്പെടാനും അവസരം നൽകി. രണ്ടാം ദിവസം റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങളും ആയിരുന്നു. അതിനോടനുബന്ധിച്ച് വീഡിയോ പ്രദർശനം, ബോധവൽക്കരണം എന്നിവ നടത്തി. കുട്ടികൾക്ക് അതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കി കൊടുക്കാൻ സാധിച്ചു. മൂന്നാം ദിവസം വ്യക്തി ശുചിത്വം,പരിസര ശുചിത്വം,ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം, എന്നിവയെ കുറിച്ച് കുട്ടികളെ ബോധവൽക്കരിച്ചു. അതേ ദിവസം തന്നെ ജൂൺ -5 ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. അടുത്ത ദിവസത്തിലെ പൊതു ആരോഗ്യം എന്ന വിഷയത്തിൽ പോഷണം, ശുചിത്വം,വ്യായാമം, നല്ല ഉറക്ക ശീലം, മനസ്സിന്റെ സന്തോഷം, ആരോഗ്യ മര്യാദകൾ എന്നിവയെക്കുറിച്ച് വീഡിയോ പ്രദർശനത്തിലൂടെയും റോൾപ്ലേയിലൂടെയും ബോധവൽക്കരണം നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ ഡിജിറ്റൽ അച്ചടക്കത്തെ കുറിച്ചും പൊതുമുതൽ  സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും പരസ്പര സഹകരണത്തെക്കുറിച്ചും വീഡിയോ പ്രദർശനത്തിലൂടെയും അധ്യാപകർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടും കുട്ടികളിൽ അവബോധം നടത്തി.

# മലയാളം

| പഠന നേട്ടം | പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കരുത് | അക്ഷരക്കാർഡ്,ചിത്ര വായന,മലയാളത്തിള ക്കം,പാഠഭാഗവുമായി ബന്ധപ്പെട്ട പുതിയ പദങ്ങൾ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ | ലക്ഷ്യം നേടുന്നതുവരെ |
| വായനയും എഴുത്തും പരിപോഷിപ്പിക്കൽ സർഗാത്മക രചനകളിൽ ഏർപ്പെടൽ | കഥ ഊഹിച്ചു പറയൽ,മേനി പറച്ചിൽ,കഥ പൂർത്തിയാക്കൽ,സം ഭാഷണം,വിവരണം,വ രികൾ കൂട്ടിച്ചേർക്കൽ, പുസ്തക വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, ഡയറിക്കുറിപ്പ് | ചിത്രങ്ങൾ നൽകി കഥ ഊഹിച്ചു പറയൽ, മേനി പറച്ചിൽ,കഥ പൂർത്തിയാക്കൽ,സംഭാഷ ണം, വിവരണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ലളിതമായ കവിതകൾ നൽകി വരികൾ കൂട്ടിച്ചേർക്കാൻ അവസരം നൽകുന്നു, ആകർഷകമായ ചിത്രങ്ങൾ അടങ്ങിയ വലിയ അക്ഷരങ്ങൾ ഉള്ള ബുക്കുകൾ ക്ലാസ് മുറികളിലെ വായന മുലകളിൽ ക്രമീകരിക്കൽ,കുട്ടികളുടെ അനുഭവങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിക്കൽ | വർഷം മുഴുവൻ |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ അടുത്തറിയൽ | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം | വീഡിയോ /ഓഡിയോ പ്രവർത്തനങ്ങളിലൂടെ സാഹിത്യ രചനകൾ പരിചയപ്പെടുത്തൽ | ആവശ്യാനുസര ണം |
| ഡോക്യുമെന്ററി യിലൂടെ അറിവ് നേടൽ ICT | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ,പ്രദർ ശിപ്പിക്കൽ | ക്ലാസ് മുറിയിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ | ആവശ്യാനുസര ണം |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | നാടൻ വിഭവങ്ങളുടെ പ്രദർശനം | പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് പഴമയുടെ രുചി പുനരാവിഷ്കരിക്കൽ | വർഷത്തിലൊരി ക്കൽ |

# ഇംഗ്ലീഷ്

| പഠന നേട്ടം | പ്രവർത്തന ങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | വാക്കുകൾ, വളരുന്ന വാക്കുകൾ, ലഘു വിവരണം. പത്രവായന,പാഠഭാഗ വായന | ചിത്രങ്ങൾ നല്കി അതിൽ നിന്ന് ചെറിയ വാക്കുകൾ കണ്ടെത്തി അവ ഉപയോഗിച്ച് ലളിതമായ വാക്യങ്ങൾ രൂപീകരച്ച് അവ ഉപയോഗച്ച് ലഘുവിവരണം നടത്തുന്നു. ആഴ്ചയിൽ ഒരു ദിവസം English Assembly യിൽ English പത്ര വായന. പാഠഭാഗത്തെ അറിയാത്ത വാക്കുകൾ കണ്ടെത്തി അധ്യാപികയുടെ സഹായത്തോടെ വായന മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് |
| സർഗാത്മകതാ ശേഷി വികസനം | സംഭാഷണം, നാടകം, വരികൾ കൂട്ടിച്ചേർക്കൽ , കഥാരചന, നോട്ടീസ് etc | ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ വിവിധ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ. | ആവശ്യാനുസരണം |
| വായന പരിപോഷണം | ഇംഗ്ലീഷ് കോർണർ. | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ, വായന വേള ഒരുക്കൽ | വർഷം മുഴുവൻ |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലയളവ് |
|---|---|---|---|
| 1മുതൽ10000 വരെ എണ്ണാനും എഴുതാനും | ഈർക്കിൽ കെട്ട്, മുത്തുമാല,മഞ്ചാടി ,ഉല്ലാസ ഗണിതം, ഗണിത വിജയം,പാഠഭാഗവു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ എണ്ണി എഴുതൽ . വിട്ടുപോയ സംഖ്യകൾ കണ്ടെത്തൽ. | ഉചിതമായ സമയത്ത് |
| സംഖ്യാബോധം ഉറപ്പിക്കൽ | സ്ഥാനവില പോക്കറ്റ്, അബാക്കസ് | സ്ഥാനവില പോക്കറ്റിന്റേയും അബാക്കസിന്റേയും സഹായത്തോടെ സംഖ്യാബോധം ഉറപ്പിക്കൽ | വർഷം മുഴുവൻ |
| ഗണിത പഠനം രസകരമാക്കാൻ. ചതുഷ്ക്രിയകൾ ലളിതമാക്കാൻ | ഈർക്കിൽ കെട്ട്, മഞ്ചാടി, വിവിധതരം കളികൾ ഉദാ: ഡയസ്, ഏണിയും പാമ്പും etc | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, വിവിധ തരം കളികളിലൂടെ ചതുഷ്ക്രിയ കളുടെ പഠനം രസകരമാക്കൽ. | വർഷം മുഴുവൻ |
| ഗണിത രൂപങ്ങൾ തിരിച്ചറിയൽ, ഒറിഗാമി നിർമാണം | **ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നിവ ഉപേയാഗിച്ച് രൂപ നിർമാണം, നിറം കൊടുക്കൽ മോഡൽ നിർമാണം. ഒറിഗാമിനിർമാണം** | വിവിധ ഗണിതരൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്ര നിർമാണം, രൂപങ്ങൾക്ക് നിറം കൊടുക്കൽ ഈർക്കിൽ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ . | ഉചിതമായ സമയത്ത് |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ , പാറ്റേൺ, മാന്ത്രിക ചതുരം | പ്രശ്നോത്തരി, പസിൽ , പാറ്റേൺ ,മാന്ത്രികചതുര നിർമാണം എന്നിവയിലൂടെ കുട്ടികൾ ഇതുവരെ ആർജിച്ച ഗണിതശേഷികളുടെ വിലയിരുത്തൽ | ഉചിതമായ സമയത്ത് |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | പാഠ പുസ്തകത്തിലെ പ്രവർത്തനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി നിർധാരണം ചെയ്യുന്നു | വർഷം മുഴുവൻ |

# പരിസര പഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ | പ്രകൃതി നടത്തം.ശലഭോദ്യാനം, പച്ചക്കറിത്തോട്ടം ഒരുക്കൽ,ഔഷധ സസ്യ പരിപാലനം | ശലഭങ്ങളെ ആകർഷിക്കാനുള്ള ചെടികൾ വെച്ചുപിടിപ്പിക്കൽ, ഉച്ചഭക്ഷണത്തിനാവശ്യമായ പോഷകഗുണങ്ങളുള്ള പച്ചക്കറികളുടെ ഉത്പാദനം, ഔഷധസസ്യങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ മനസ്സിലാക്കി ആവശ്യമായ വ നട്ടുപിടിപ്പിക്കൽ. | ആവശ്യാനുസരണം |
| നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ് | പാഠഭാഗ അനുബന്ധമായ ഫീൽഡ് ട്രിപ്പ്, | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള സാഹചര്യം ഒരുക്കുന്നു. | ആവശ്യാനുസരണം |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെടുത്തി ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനരൂപീകരണത്തിനും അവസരം ഒരുക്കുന്നു. | ആവശ്യാനുസരണം |
| ഭൂപടവായന, സൂചിക പരിചയപ്പെടൽ | കേരളം, ഇന്ത്യാ ഭൂപടം വായന | വിവിധ തരം കളികളിലൂടെയുംICT സാധ്യതകൾ ഉപയോഗപ്പെടുത്തിയും ഭൂപടത്തെക്കുറിച്ച് ധാരണ ഉറപ്പിക്കുന്നു. | വർഷത്തിലൊന്ന് |
| ചരിത്രസംഭവങ്ങൾ കണ്ടെത്തി പറയൽ | ദിനാചരണങ്ങൾ, പതിപ്പ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെടുത്തി ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. കിട്ടിയ **അറിവുകൾ പ്രയോജനപ്പെടുത്തി ചിത്രങ്ങളുടെ സഹായത്തോടെ പതിപ്പ് നിർമ്മിക്കുന്നു** | ആവശ്യാനുസരണം |

# അറബിക്

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അറബി ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കൽ | •അക്ഷര വായന<br><br>•ചിഹ്നങ്ങൾ ചേർത്തു വായന<br><br>•അക്ഷരം ഉറപ്പിക്കുന്നതിന് | ▪ അക്ഷര കാർഡു കൾ നൽകുന്നു<br><br>▪അക്ഷരങ്ങൾക്ക് നിറം നൽകാൻ<br><br>▪ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br><br>▪അക്ഷരങ്ങൾ ഔട്ട്ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br><br>▪ICT ഉപയോഗിച്ച് പരിശീലനം നൽകുന്നു | ജൂൺ - മാർച്ച് |
| പദസമ്പത്ത് വർധിപ്പിക്കൽ | ▪പദനിർമ്മാണം<br><br>▪ പദ ശേഖരണം<br><br>• നിഘണ്ടു നിർമ്മാണം | ▪ അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ<br><br>പരിശീലനം നൽകുന്നു.<br><br>▪പാഠപുസ്തകത്തിനു പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു.<br><br>▪ പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു.<br><br>•ഓരോ പദങ്ങളും അവയുടെ അർത്ഥങ്ങളുംഅക്ഷരങ്ങളുടെ ക്രമത്തിൽ ചിട്ടയായി എഴുതാൻ പരിശീലിപ്പിക്കുന്നു | ജൂൺ - മാർച്ച് |
| ഭാഷാ പ്രയോഗം | ▪ ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പ്രയോഗിക്കുന്നു | ▪പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു | ജൂൺ-മാർച്ച് |
| സ്വതന്ത്ര സർഗാത്മക എഴുത്തിന് അവസരം ഒരുക്കൽ | കുട്ടിക്കവിത, കുട്ടിക്കഥ, ചെറു വിവരണങ്ങൾ തയ്യാറാക്കുന്നു,ആസ്വദിക്കുന്നു<br><br>•മാഗസിൻ നിർമ്മാണം | ▪വരികൾ കൂട്ടിച്ചേർക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br><br>▪ചിത്രം നൽകി ചെറു വിവരണങ്ങൾ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു.<br><br>•കുട്ടിക്കഥകളും കുട്ടിക്കവിതകളും ചെറുവിവരണങ്ങളും ചിത്രങ്ങളും അടങ്ങിയ മാഗസിൻ തയ്യാറാക്കുന്നു | ജൂൺ -മാർച്ച് |

# കലാകായിക ആരോഗ്യ വിദ്യാഭ്യാസം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ശാരീരിക മാനസിക ആരോഗ്യം നിലനിർത്താൻ | വിവിധ തരം കളികൾ | സുംബാഡാൻസ്, യോഗ, ബാലസഭ | ആവശ്യാനുസരണം |
| നേതൃത്വപാടവം , സഹകരണ മനോഭാവം വളർത്തിയെടുക്കാൻ | വിവിധ തരം കളികൾ, പാഠ ഭാഗം, BuddySystem | നിത്യജീവിതത്തിലും ക്ലാസ് മുറികളിലും കുട്ടികളുടെ നേതൃത്വമനോഭാവം സഹകരണ മനോഭാവവും വളർത്തുന്ന പ്രവർത്തനങ്ങൾ നൽകൽ.ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളേയും സഹായിക്കുന്ന മനോഭാവമുള്ള വീഡിയോകളുടെ പ്രദർശനം , സഹായ മനസ്ഥിതിയുള്ള കുട്ടികൾക്ക് സ്കൂൾ തലത്തിൽ പ്രോത്സാഹനം നൽകൽ . | ആവശ്യാനുസരണം |
| നിർമാണ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം | കളിയുപകരണങ്ങൾ നിർമിക്കൽ | വീഡിയോ പ്രദർശനത്തിലൂടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടകളിയുപകരങ്ങളുടെ നിർമാണം. | ആവശ്യാനുസരണം |
| ദിനചര്യയായി ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നു | അസംബ്ലി, ഡാൻസ് | അസംബ്ലിയിൽ ലഘു വ്യായാമങ്ങൾ ചെയ്യുന്നതിനും ക്ലാസ് മുറികളിൽ സൂംബാ ഡാൻസ്അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ | വർഷം മുഴുവൻ |